

# ശ്രദ്ധ

2015 ജൂൺ

ലക്കം 1

www.devakiwarrier.org

ദേവകീവാര്യർ സ്മാരക വാർത്താപത്രിക

മുഖപ്രസംഗം

## അഭിമാനത്തോടെ...

**ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ഞങ്ങളെ സഹായിക്കുന്നത് ഒരുപാട് സുമനസ്സുകളാണ്. ആഹാരത്തിനുള്ള പണം മുഴുവൻ സംഭാവനയായി സാധാരണക്കാർ തരുന്നതാണ്.**

ടി. രാധാമണി
സെക്രട്ടറി

**2001-** ലെ ക്രിസ്തുമസ് ദിനത്തിലാണ് സ്വാതന്ത്ര്യ സമര സേനാനിയും പുരോഗമനപ്രസ്ഥാനങ്ങളുടെ പ്രവർത്തകയുമായിരുന്ന ദേവകി വാര്യർ ക്യാൻസർ രോഗത്തിന് കീഴടങ്ങിയത്. ദേവകി വാര്യരുടെ നേതൃത്വത്തിൽ 1973ൽ രൂപംകൊണ്ട് ഇന്നും സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവച്ചുകൊണ്ടിരിക്കുന്ന കേരള വർക്കിംഗ് വിമൻസ് അസോസിയേഷന്റെ പ്രവർത്തകരുടെ ആഗ്രഹ പ്രകാരം 2002 ൽ ദേവകി വാര്യരുടെ ഓർമ്മ നിലനിർത്താനായി ദേവകിവാര്യർ സ്മാരക സ്ത്രീപഠന ശാക്തീകരണ കേന്ദ്രം എന്ന സ്ഥാപനത്തിന് ജന്മം നൽകി. പേര് സൂചിപ്പിക്കുന്നതുപോലെ സ്ത്രീകളുടെ പദവിയെപ്പറ്റിയുള്ള പഠനങ്ങൾക്കും അവരുടെ ശാക്തീകരണത്തിനും ഊന്നൽ നല്കി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകണം എന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. പക്ഷെ ഇന്ന് അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ഈ സംഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം തിരുവനന്തപുരത്ത് RCCയിലും ശ്രീചിത്രയിലും OP ചികിത്സയ്ക്കായി താമസിക്കേണ്ടി വരുന്ന നിർധനരായ രോഗികൾക്ക് സൗജന്യ താമസവും ഭക്ഷണവും എന്നതായി മാറിയിരിക്കുന്നു. ചാലക്കുഴി റോഡിൽ വർക്കിംഗ് വിമൻസ് അസോസിയേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 2005 മുതലും ട്രിവാൻഡ്രം ഡവലപ്മെന്റ് അതോറിറ്റിയുടെ വിശ്രമ സങ്കേതം വാടകയ്ക്കെടുത്ത് അവിടെ 2008 മുതലും ഒരേ സമയം 110 പേർക്ക് താമസവും ഭക്ഷണവും നല്കി വരുന്നു. കുടുംബത്തിലൊരാളെ തിരുവനന്തപുരത്തെ RCCയിലേക്ക് ചികിത്സയ്ക്കായി നാട്ടിൽ നിന്ന് ഡോക്ടർ പറഞ്ഞു വിടുമ്പോൾ ആകെ തകർന്ന മനസ്സുമായി ആശങ്കകളോടെയാണ് അവർ തിരുവനന്തപുരത്ത് എത്തിച്ചേരുന്നത്. അവർക്ക് ചികിത്സാ കാലയളവിൽ സൗജന്യമായി താമസ സൗകര്യവും ഭക്ഷണവും മാത്രമല്ല അത്തരം സന്ദർഭത്തിൽ ഏറ്റവും അത്യാവശ്യമായ സ്നേഹവും കരുതലും നല്കി ആത്മവിശ്വാസം പകർന്നു നല്കിക്കൊണ്ടാണ് അവരെ ചികിത്സാ കേന്ദ്രത്തിലേക്ക് എത്തിക്കുന്നത്. 2010 ൽ SBT വാങ്ങിത്തന്ന ആംബുലൻസ് അവരെ സൗജന്യമായി RCCയിലോ ശ്രീചിത്രയിലോ എത്തിക്കാനായി ഉപയോഗപ്പെടുത്തുന്നു. മൂക്കിൽക്കൂടി ആഹാരം നൽകേണ്ടവർക്ക് അതു പ്രകാരവും കീമോയ്ക്ക് വേണ്ടി കൗണ്ട് കൂടാൻ വേറെ ആഹാരം ആവശ്യമുള്ളവർക്ക് അത്തരത്തിലും ഡോക്ടർമാർ നിർദ്ദേശിക്കുന്ന ആഹാരം നല്കാനുള്ള സംവിധാനം ദേവകീ വാര്യർ സ്മാരകത്തിൽ ഉണ്ട്. സ്വതന്ത്രമായി ഇഷ്ടമുള്ളത് ഉണ്ടാക്കി കഴിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. തിരുവനന്തപുരത്ത് ഒരു സ്വന്തം വീട്- അതാണ് അവിടെയെത്തുന്ന രോഗികൾക്ക് ഈ സ്ഥാപനം.



ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ ഞങ്ങളെ സഹായിക്കുന്നത് ഒരുപാട് സുമനസ്സുകളാണ്. ആഹാരത്തിനുള്ള പണം മുഴുവൻ സംഭാവനയായി സാധാരണക്കാർ തരുന്നതാണ്. ബന്ധുക്കളുടെ ശ്രാദ്ധദിവസമോ പിറന്നാളുകളോ, വിവാഹവാർഷികങ്ങളോ ഒക്കെ ദേവകീവാര്യർ സ്മാരകത്തിനൊപ്പം രോഗികൾക്കൊപ്പം - ആഘോഷിക്കുന്ന സാധാരണ മനുഷ്യർ.

ട്രിഡാ വിശ്രമ സങ്കേതത്തിന്റെ വാടകയായ 46,000/- രൂപ പ്രതിമാസം കുവൈറ്റിലെ മലയാളികളുടെ സന്നദ്ധ സംഘടനയായ 'സാന്ത്വനം കുവൈറ്റ്' എത്തിച്ചുതരുന്നു. മരുന്നുവാങ്ങാൻ പണമില്ലാതെവിഷമിക്കുന്നവർക്ക് ടെക്നോപാർക്കിലെ 'ജ്യോതിസിന്റെ' പ്രവർത്തകർ ഒരു ഫോൺകാൾ കിട്ടായാലുടൻ പണവുമായി എത്തുന്നു. രക്തദാനത്തിനും അവർ സദാ തയ്യാറാണ്. ടി.എൻ. സീമ, MPഫണ്ടിൽ നിന്ന് 5.5 ലക്ഷം രൂപ തന്ന് അവിടെ രണ്ട് മുറി കൂടി കെട്ടാൻ സഹായിച്ചു. ശ്രീമതി ടീച്ചർ MPമുൻകൈയെടുത്ത് ഗവർണ്ണറുടെ ഫണ്ടിൽ നിന്ന് 1 ലക്ഷം, Redcross-ൽ നിന്ന് 25,000/, KALA(കുവൈറ്റ് ആർട്സ് ലവേഴ്സ് അസോസിയേഷൻ)ൽ നിന്ന് 25,000/-എന്നീ സംഭാവനകൾ ലഭ്യമാക്കി. CPM ജില്ലാ സെക്രട്ടറി കടകം പള്ളി സുരേന്ദ്രന്റെ ഭാഗത്തു നിന്ന് എല്ലാ വിധ സഹായവും പ്രോത്സാഹനവും ലഭിക്കുന്നു.

അങ്ങനെ എണ്ണിയാലൊടുങ്ങാത്ത ആളുകളുടെയും സംഘടനകളുടെയും സഹായം കൊണ്ടാണ് ഈ പ്രവർത്തനം ഞങ്ങൾ മുമ്പോട്ടു കൊണ്ടു പോകുന്നത്.രോഗംഭേദമായിപോകുന്നവരുടെ സന്തോഷത്തിലും സങ്കടത്തിലും സേവനസന്നദ്ധരായി പ്രവർത്തിക്കുന്ന ജീവനക്കാർ ഈ സ്ഥാപനത്തിന്റെ നെടുംതൂണുകളാണ്. എല്ലാ വർഷവും ജൂൺ 12 ന് ദേവകി വാര്യരുടെ ജന്മദിനമായി ആഘോഷിക്കുന്നു. അവിടെ വച്ച് ദേവകി വാര്യർ സാഹിത്യ അവാർഡ് വിതരണം ചെയ്യുകയും ചെയ്യുന്നു. ഒരു 'A'grade ലൈബ്രറി ഇവിടെ പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വായനശാലയും ഗ്രന്ഥശാലയും സൗജന്യമായി ഉപയോഗിക്കാം. ടി.വി, കമ്പ്യൂട്ടർ മുതലായ റിക്രിയേഷൻ സൗകര്യം അവിടെ ലഭ്യമാണ്. RCCയുമായി സഹകരിച്ച് ക്യാൻസർ കണ്ടുപിടിക്കാനും ബോധവൽക്കരണത്തിനുമുള്ള ക്ലാസ്സുകൾ നടത്തുന്നുണ്ട്. ദേവകീ വാര്യർ സ്മാരകത്തിന് ഒരു വെബ് സൈറ്റ SAASVAAP എന്ന സ്ഥാപനം ഉണ്ടാക്കിത്തന്നത് ഒരു പൈസയും ഈടാക്കാതെയാണ്. TIPC (ട്രിവാൻഡ്രം ഇനിഷേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ) പാലിയം ഇന്ത്യ, രാജേശ്വരി ഫൗണ്ടേഷൻ എന്നീ സംഘടനകളോട് ചേർന്ന് ഈ രംഗത്തുള്ള എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾ പങ്കെടുക്കുന്നുണ്ട്. തന്റെ പ്രവർത്തനങ്ങളെ പറ്റി ഒന്നും തന്നെ എഴുതിവയ്ക്കാത്ത ദേവകീവാര്യരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പുസ്തകം ഇറക്കാൻ കഴിഞ്ഞത് വലിയ ഒരു നേട്ടം തന്നെയാണ്.

ഇനിയും ബഹുദൂരം താണ്ടേണ്ടതുണ്ടെന്നും, പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിക്കേണ്ടതുണ്ടെന്നും ഞങ്ങൾ തിരിച്ചറിയുന്നു. ഞങ്ങളുടെ കരങ്ങൾക്ക് ശക്തി പകർന്നു നല്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദി -ഹൃദയം നിറഞ്ഞ നന്ദി.





## എഴുത്തുയാത്രയിലെ വഴിത്തിരിവ്

**കലാപഭൂമിയിലൂടെയും, വസന്തകാലത്തിലൂടെയും നീങ്ങുമ്പോഴും എന്റെ നിഴൽ പോലെ വില കുറഞ്ഞ കടലാസ്സുകളിലും, നോട്ടീസിന്റെ പിൻപുറങ്ങളിലും ഞാനെഴുതി.**

എ. പി. ജ്യോതിർമയി



**എ**ന്റെ എഴുത്തുയാത്ര എപ്പോഴും അപ്രതീക്ഷിതമായ വഴിത്തിരിവുകളിലൂടെയായിരുന്നു. അക്ഷരങ്ങൾ കൂട്ടി വായിക്കാനും, എഴുതാനും തുടങ്ങിയ കാലം മുതൽ കഥകൾ കൂട്ടുണ്ടായിരുന്നു. കുഞ്ഞു പാട്ടുകൾ നാവറിയാതെ മൂളിയിരുന്നു. കഥകൾ പറഞ്ഞു കൂട്ടുകാരെ കരയിക്കാനും, ചിരിപ്പിക്കാനും കഴിഞ്ഞപ്പോൾ, മറന്നു പോകാതിരിക്കാൻ എവിടെയെങ്കിലുമൊക്കെ എഴുതിവച്ചു. അക്ഷരത്തെറ്റുകളിലൂടെ, വികൃതമായ കൈയക്ഷരത്തിലൂടെ ഞാനെന്റെ ലോകം പടുത്തുയർത്തുകയായിരുന്നു. പക്ഷെ അധ്യാപകരും, രക്ഷിതാക്കളുമടക്കം മുതിർന്നവരുടെ ലോകം എന്റെ എഴുത്തു ജിവിതത്തെ ഭീഷണിപ്പെടുത്തി, ശാസിച്ചു, താക്കീത് ചെയ്തു. കുട്ടികൾ പഠിച്ചാൽ മതി, പഠനം മാത്രം.

പിന്നീടാണ് ലോകത്തെ ഏറ്റവും വലിയ തെറ്റെന്നപോലെ ഒളിച്ചെഴുത്ത് തുടങ്ങിയത്. വിലക്കുകളുടെ, വിലങ്ങുകളുടെ കഠാരമുവിലൂടെ ഞാനെന്റെ കുഞ്ഞെഴുത്തുകളുടെ യാത്ര തുടർന്നു. ആരെങ്കിലും വായിക്കണമെന്നോ, ഒരു നുള്ള് പ്രശംസ ലഭിക്കുമെന്നോ പ്രതീക്ഷിച്ചല്ല. മലയാളം അധ്യാപിക നിർമ്മല ടീച്ചർ, സെന്റ് ജോസിലെ രാമചന്ദ്രൻ സാർ, പിന്നെ അഖില എന്നിവരെപോലെ കൂട്ടുകാരികൾ, അവരുടെ നല്ല വാക്കുകൾ മാത്രമായിരുന്നു എന്റെ യാത്രയിലെ തേരാളികൾ.

ഒരിക്കലും എഴുതാതിരുന്നിട്ടില്ല. ജീവിതം മാറിമറിഞ്ഞു, കലാപഭൂമിയിലൂടെയും, വസന്തകാലത്തിലൂടെയും നീങ്ങുമ്പോഴും എന്റെ നിഴൽ പോലെ വില കുറഞ്ഞ കടലാസ്സുകളിലും, നോട്ടീസിന്റെ പിൻപുറങ്ങളിലും ഞാനെഴുതി. നിത്യേനയുള്ള ഒരു കർമ്മമായിരുന്നു എന്റെ തോന്നലുകൾക്കും ഭാവനകൾക്കും അനുസരിച്ച് ഞാനെഴുതുന്നത്. എന്നിട്ടും എന്റെ സ്വകാര്യലോകത്ത് നിന്നും വെളിയിലെത്താൻ വൈകി. ഞാൻ ചേച്ചിയായി കാണുന്ന പ്രശസ്ത കവയിത്രി റോസ്മേരി ചേച്ചിയാണ് പുസ്തകമായി പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെട്ടത്. 'പരിധി പബ്ലിക്കേഷൻസ്' ആദ്യ നോവൽ പ്രസിദ്ധീകരിച്ചു.

ആദ്യ നോവൽ പ്രകാശനച്ചടങ്ങ് മുതൽ വിമർശനങ്ങൾ മാത്രം നേരിടേണ്ടിവന്നത് ഒരത്ഭുതമായി തോന്നിയില്ല. എപ്പോഴും കൂരമ്പുകളേൽക്കുന്ന എഴുത്തിന്റെ ആത്മാവിന് അത് നേരിടാൻ കരുത്തുണ്ടായിരുന്നു. ആർക്കും ഇഷ്ടപ്പെടാനോ, അംഗീകരിക്കാനോ ആവാത്തതെന്തൊക്കെയോ ഞാനെഴുതുന്നു എന്ന അപകർഷതാബോധത്തിൽ സ്വയം ചുരുങ്ങി പോയി.

എങ്കിലും അടുത്ത നോവൽ എഴുതാതിരുന്നില്ല. ഞാൻ താമസിക്കുന്ന കൊച്ചു ഗ്രാമവും, അതിന്റെ ചുറ്റുപാടുകളും, കാവും രാഷ്ട്രീയവുമൊക്കെയായി ചെറിയ ഒരു നോവൽ. 'പുൽപ്പാട്ടിലെ കുരുതി' എന്ന് പേരിട്ട് ഒന്ന് രണ്ട് വർഷം ഞാനെന്റെ മേശയ്ക്കുള്ളിൽ സൂക്ഷിച്ചു.

പിന്നീടെപ്പോഴോ പത്രത്തിൽ 'ദേവകി വാര്യർ സ്മാരക' അവാർഡിന് നോവലുകൾ ക്ഷണിക്കുന്നതായ പരസ്യം കണ്ടു. കുട്ടികളുടെ നിർബന്ധപ്രകാരം എന്റെ നല്ലതല്ലാത്ത കൈയക്ഷരത്തിലെഴുതിയ ആ നോവൽ നൂലുകൾകൊണ്ട് തുന്നിക്കെട്ടിയാണ് ഞാൻ മത്സരത്തിനയച്ചുകൊടുത്തത്.

ഒന്നും പ്രതീക്ഷിക്കാതെ, ഈ ലോകത്തിൽ ഓരോരുത്തരും പല കർമ്മങ്ങളും ചെയ്തുകൊണ്ടേയിരിക്കുന്നു. ഞാനും കഥകൾ എഴുതുന്നുനോവലുകളും. കവിതകളും എഴുതുന്നു. പിന്നീടെപ്പോഴെങ്കിലും അവയൊക്കെ ചേർത്തുവച്ച് തീയിടുന്നു. പ്രതീക്ഷയോ ആത്മവിശ്വാസമോ ഇല്ലാത്തവർക്ക് സ്വപ്നങ്ങൾ ഹോമിക്കുന്ന ജ്വാലകളിൽ നോക്കിയിരിക്കുമ്പോൾ നിരാശയോ, സങ്കടമോ തോന്നാറില്ല.

പക്ഷെ ആ നിസ്സംഗതയെ തുത്തെറിഞ്ഞുകൊണ്ട് ഒരു സന്ധ്യാനേരത്താണ് എന്റെ ടെലഫോൺ ശബ്ദിച്ചത്. ഈ വർഷത്തെ 'ദേവകി വാര്യർ സ്മാരക' അവാർഡ് നിങ്ങളുടെ 'പുൽപ്പാട്ടിലെ കുരുതി' എന്ന നോവലിനാണ്. ഒരു പക്ഷെ ഞാൻ ജീവിതത്തിൽ കേട്ട ഏറ്റവും മനോഹരമായ ഒരു സ്ത്രീശബ്ദമായിരുന്നു അത്. ഒന്നും മിണ്ടാനാവാതെ ഒരു നിമിഷം ഞാൻ നിന്നു. പിന്നീടെന്റെ ജോലിയിൽ മുഴുകി. വെറുതെ ആരെങ്കിലും എന്നെ കളിയാക്കിയതായിരിക്കാം. എനിക്കെങ്ങനെ അവാർഡ് കിട്ടും. എത്രയോ എഴുത്തുകാർ എത്ര സുന്ദരമായ കൃതികൾ രചിക്കുന്നു. പിന്നെങ്ങനെയാണ് എനിക്ക്...... ഞാനത് വിശ്വസിച്ചില്ല. അടുത്ത ദിവസം ഔദ്യോഗികമായ പ്രഖ്യാപനം തപാലിലൂടെ എന്റെ കൈയിൽ കിട്ടും വരെ.

തിരുവനന്തപുരത്തു വച്ച് അന്നത്തെ വിദ്യാഭ്യാസ മന്ത്രി ശ്രീ. എം. എ. ബേബിയാണ് അവാർഡ് തന്നത്. പേടിച്ചും മടിച്ചും അവാർഡ് വാങ്ങാൻ ഞാൻ സ്റ്റേജിൽ കയറുമ്പോൾ 'ദേവകി വാര്യർ' എന്ന എനിക്കറിയാത്ത മൺമറഞ്ഞ ആ മഹതിക്ക് ഞാൻ മനസ്സാ നന്ദി പറഞ്ഞു. പിന്നെ എന്റെ കൈ പിടിച്ച് നടത്തുന്ന ദൈവത്തോടും. ആ അവാർഡാണ് എഴുത്തിൽ എനിക്ക് ആത്മവിശ്വാസം തന്നത്. അതിലൂടെ ജീവിതത്തിലും. പിന്നീട് പതിനെട്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 'അബുദാബി ശക്തി' അവാർഡ് അടക്കം ആറോളം അവാർഡുകൾ വാങ്ങി. എന്റെ പുസ്തകങ്ങളെക്കുറിച്ച് എഴുതാനും വായിക്കാനും സഹൃദയരുണ്ടായി. എഴുത്തിന്റെ ലോകത്ത് എന്റെ പേര് അടയാളപ്പെടുത്തുമ്പോൾ ആദ്യത്തെ കൈതന്ന് കരകയറ്റിയ ദേവകി വാര്യർ അവാർഡിനെ ഞാൻ മനസാ നമിക്കുന്നു.

പിന്നീട് വലുതും ചെറുതുമായ അവാർഡുകൾ ലഭിച്ചു. എന്റെ സ്വീകരണ മുറിയിൽ ഞാൻ ഫ്രെയിം ചെയ്തു വച്ചത് ദേവകി വാര്യർ അവാർഡിന്റെ ഫോട്ടോ ആണ്. ആദ്യത്തേത് എന്നും അനശ്വരമാണ്. ദേവകി വാര്യർ മെമ്മോറിയൽ ട്രസ്റ്റിന്റെ സംഘാടകരോട് ഒരിക്കലൂടെ നന്ദി പറയാൻ ഞാനീ അവസരം ഉപയോഗിക്കുന്നു.

# അനുഭവസാക്ഷ്യങ്ങൾ

ഞങ്ങളുടെ അമ്മയുടെ പേര് രമ. 52 വയസ്സ്, തൃശൂർ ജില്ലയിലെ കുന്ദംകുളത്തിനടുത്ത് 7 കി. മീ. അകലെ കാട്ടാമ്പൽ പഞ്ചായത്തിൽ താമസിക്കുന്നു. അച്ഛനും അമ്മയും രണ്ടു മക്കളുമടങ്ങിയ ഒരു സന്തുഷ്ട കുടുംബം. അങ്ങനെയിരിക്കെ 2010 -ൽ അമ്മയ്ക്ക് നട്ടെല്ലിൽ ഒരു വേദന വന്നു. അത് ഒരു സാധാരണ വേദനയായി കണക്കാക്കി തൊട്ടടുത്തുള്ള ഡോക്ടറെ കണ്ടു മരുന്നു കഴിച്ചു തുടങ്ങി. അസുഖം ഭേദമാകുകയും ചെയ്തു. എന്നാൽ 2012 ആഗസ്റ്റ് 13 ന് അമ്മയ്ക്ക് അസഹ്യമായൊരു നടുവേദന അനുഭവപ്പെടുകയും തുടർന്ന് തൃശൂരിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തപ്പോഴാണ് ഓർത്തോ വിഭാഗത്തിലെ ഡോ. സ്ക്കോട്ട്, ഞങ്ങളോട് MRI സ്കാനിംഗും Biopsy യും നിർദ്ദേശിച്ചത്. റിസൽട്ട് ഞങ്ങൾക്ക് അനുകൂലമായിരുന്നില്ല. ആയിരത്തിലധികം വർഗ്ഗങ്ങളുള്ള Multiple Myeloma എന്ന അസ്ഥിരോഗ കാൻസർ ആണെന്ന് ഡോക്ടർമാർ സ്ഥിരീകരിച്ചു. അവിടെത്തന്നെ ചികിത്സ ആരംഭിക്കാം എന്ന് തീരുമാനിച്ച ഞങ്ങൾക്ക് രോഗം പൂർണ്ണമായി ഭേദമാകും എന്നുള്ള ഉറപ്പ് ഡോക്ടർ നൽകിയിരുന്നില്ല. എന്നു മാത്രമല്ല 10 ലക്ഷം രൂപയുടെ മുകളിൽ ചികിത്സാ ചെലവ് വരും എന്നും സൂചിപ്പിച്ചു. ജീവിതത്തിൽ തളർന്നു പോയ നിമിഷങ്ങളായിരുന്നു അത്. ഈയൊരു അസുഖമാണെന്ന് അറിഞ്ഞപ്പോൾ മുതൽ കൂടെ നിന്ന ബന്ധുക്കൾ പോലും ഞങ്ങളോട് അകന്നു നിന്നു. ഒരുപാട് ധൈര്യം തന്ന് ഞങ്ങളോട് കൂടെ നിന്ന ഞങ്ങളുടെ പാർട്ടി സഖാക്കളായിരുന്നു തെല്ലൊരാശ്വാസം. താങ്ങാനാകാത്ത ചികിത്സാ ചെലവും മറ്റും തൃശൂരിലെ ആശുപത്രിയിൽ നിന്നും തിരുവനന്തപുരത്തെ RCC യിലേക്ക് വരാൻ ഒരു കാരണമായി. വലിയൊരു കാലയളവ് ചികിത്സയ്ക്കും വിശ്രമത്തിനുമായി നീക്കി വയ്ക്കണമെന്നും അസുഖം ചികിത്സിച്ചു ഭേദമാക്കാൻ കഴിയുമെന്നും അമ്മയെ ചികിത്സിച്ചിരുന്ന RCC യിലെ ഡോക്ടർ ശ്രുതി മാഡം ഞങ്ങൾക്കുറപ്പു തന്നു. 32 കീമോതെറാപ്പി ആഴ്ചയിലൊരിക്കൽ തുടർച്ചയായി എടുക്കണമെന്ന് ഡോക്ടർ നിർദ്ദേശിക്കുമ്പോൾ എവിടെ താമസിക്കും എങ്ങനെ ഈ ചെലവുകൾ നടത്തും എന്നറിയാതെ ഞങ്ങൾ ആ ആശുപത്രി വരാന്തയിൽ തളർന്നിരുന്നു. അങ്ങനെയിരിക്കെയാണ് കുന്ദംകുളം 'പെയിൻ ആന്റ് പാലിയേറ്റീവ്' ലെ പ്രസിഡന്റ് ഗഫൂർ ഹാജി, കുന്ദംകുളം പെയിൻ ആന്റ് പാലിയേറ്റീവ് ലെ തന്നെ സജീവ പ്രവർത്തകരിലൊരാളും ദേവകിവാര്യർ ട്രസ്റ്റുമായി അടുത്ത ബന്ധമുള്ള മോഹൻദാസ്



രമ

സാറിനെ പരിചയപ്പെടുത്തുന്നത്. അദ്ദേഹം വഴി അനസൂയ മാഡത്തിനേയും, പത്മിനി മാഡത്തിനേയും, രാധാമണി മാഡത്തിനേയും പരിചയപ്പെടുകയും, ചികിത്സാ കാലയളവ് കഴിയും വരെ ഞങ്ങൾ ദേവകി വാര്യർ ട്രസ്റ്റിൽ താമസിക്കുവാൻ അനുവാദം തരുകയും ചെയ്തു. അവിടുത്തെ തന്നെ ആംബുലൻസിൽ എല്ലാ വെള്ളിയാഴ്ചകളിലും കീമോതെറാപ്പിക്കായി ആശുപത്രിയിൽ ഞങ്ങളെ എത്തിക്കുകയും ചെയ്തിരുന്നു. ട്രീറ്റ്മെന്റിന്റെ തുടക്കത്തിൽത്തന്നെ അമ്മയിൽ വളരെ വലിയ മാറ്റങ്ങൾ കണ്ടു തുടങ്ങി. സ്ട്രക്ചറിൽ നിന്നും വീൽചെയറിലേക്കും അവിടെ നിന്ന് സ്വയം മറ്റൊരാളുടെ സഹായമില്ലാതെ നടക്കുവാനും അമ്മയ്ക്ക് സാധിച്ചു. 8 കീമോതെറാപ്പി കഴിഞ്ഞ ഉടൻ തന്നെ ഡോക്ടർ നാട്ടിലേക്ക് പോയിക്കൊള്ളാനും തുടർന്നുള്ള കീമോതെറാപ്പി നാട്ടിലെ തന്നെ മറ്റൊരാശുപത്രിയിൽ RCCൽ നിന്ന് മരുന്നു വാങ്ങിക്കൊണ്ടു പോയി ചെയ്താൽ മതിയെന്നും നിർദ്ദേശിച്ചു. അങ്ങനെ ഞങ്ങൾ നാട്ടിലേക്ക് വരികയും രണ്ടുമൂന്ന് ദിവസങ്ങൾക്കുള്ളിൽ അമ്മയെ കാണാൻ വന്നവരുടെ അടുത്ത് നിന്നാവണം വൈറൽ ഫീവർ എന്ന Infection ആയി തിരിച്ച് വീണ്ടും RCC ലേക്ക് ഞങ്ങൾക്ക് വരേണ്ടി വന്നു. ഒരാഴ്ച RCC യുടെ പുറത്ത് റൂം എടുത്ത് താമസിച്ചു. വീണ്ടും ദേവകിവാര്യർ ട്രസ്റ്റിലേക്ക് വരികയും ചെയ്തു. ഇനി ട്രീറ്റ്മെന്റ് കഴിഞ്ഞ ശേഷം മാത്രമേ നാട്ടിലേക്കുള്ളു എന്ന് തീരുമാനിച്ചു. ഈ ചികിത്സാവേളയിൽ രോഗത്തിന്റെ അസഹ്യമായ വേദനയും മറ്റും അമ്മയെ തളർത്തിയപ്പോൾ ഒരു കൂടപ്പിറപ്പിനെപ്പോലെ അമ്മയേയും അതിലുപരി ഞങ്ങൾ മക്കളേയും സാന്ത്വനിപ്പിച്ച, സഹായിച്ച ആയിഷ ആന്റിയേയും സ്മിതച്ചേച്ചിയേയും ഇന്ദിരാന്റിയേയുമൊന്നും ജീവിതത്തിൽ ഒരിക്കലും മറക്കാനാവില്ല. 2013 ഫെബ്രുവരിയിൽ ഞങ്ങളുടെ ട്രീറ്റ്മെന്റിന്റെ ഒരു ഘട്ടം കഴിഞ്ഞു. തുടർന്ന് Bone marrow ചെയ്തപ്പോൾ 28% രോഗം വെറും 8%ലേക്ക് കുറഞ്ഞു. തുടർന്ന് ഡോക്ടർ Medicine നൽകി ഞങ്ങളെ നാട്ടിലേക്കയച്ചു. ഒരു വർഷത്തിനു ശേഷം Bone marrow ചെയ്തപ്പോൾ അസുഖം 2.5% ആയി കുറയുകയും Normal stage ആണെന്ന് പറയുകയും ചെയ്തു. ജീവിതം ഞങ്ങൾക്ക് തിരിച്ചു നൽകിയ RCCലെ ശ്രുതി ഡോക്ടറോടും അതിലുപരി ദേവകി വാര്യർ ട്രസ്റ്റിനോടും അവിടുത്തെ ഞങ്ങളുടെ സ്വന്തം ആയിഷ ആന്റിയോടും ഞങ്ങളുടെ സ്നേഹവും പ്രാർത്ഥനയും നൽകി കൃതജ്ഞത അറിയിക്കുന്നു.

വിജിഷ & വിപിൻ



ജൂണ

സ്നേഹമുള്ള ആന്റിമാരേ,

3.12.2009 -ൽ എന്റെ മകൾ ജൂണ മാത്യു R-C-C അഡ്മിറ്റാക്കി. 7.12.2009 ൽ ദേവകിവാര്യർ ട്രസ്റ്റിൽ ട്രീറ്റ്മെന്റിനു പോകാനുള്ള സൗകര്യാർത്ഥം താമസിക്കാൻ തുടങ്ങി.

എല്ലാ ആന്റിമാരിൽ നിന്നും പൂർണ്ണമായ സഹകരണം ഞങ്ങൾക്ക് ലഭ്യമായിരുന്നു. ഈ അവസ്ഥയിൽ ഞങ്ങൾക്ക് എല്ലാ വിധത്തിലുമുള്ള സഹായസഹകരണങ്ങൾ ചെയ്തു തന്ന എല്ലാ ആന്റിമാരേയും പ്രത്യേകം ഓർക്കുന്നു. അവിടെ എത്തിച്ചേർന്നത് ഒരു ദൈവാനുഗ്രഹമായി കരുതുന്നു.

എന്റെ മകൾ ജൂണയ്ക്ക് നല്ല കൂട്ടുകാരെ ലഭിച്ചു. അന്നുണ്ടായിരുന്ന ആ സുഹൃദ്ബന്ധങ്ങൾ ഇന്നും നിലനിൽക്കുന്നു. അതിവിഷമങ്ങളിലും അവ തരണം ചെയ്യുവാൻ ആന്റിമാർ ഞങ്ങളെ സഹായിച്ചു. എല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെയാണ് കഴിഞ്ഞിരുന്നത്. ഇത് ഒരിക്കലും മറക്കാനാകാത്ത ഒരനുഭവമായിരുന്നു. എല്ലാവരേയും ഒരിക്കൽ കൂടി നന്ദിയോടെ ഓർത്തുകൊണ്ട് നിർത്തുന്നു.

എന്ന്,
ലിബിയ



അതുൽ

എന്റെ മകൻ അതുലിന് നവംബർ മാസം 15-ാം തീയതിയോടു കൂടി ഒരു ചെറിയ പനിയും തലവേദനയുമാണ് ആദ്യം കണ്ടത്. തുടർന്ന് തൃശൂർ മെഡിക്കൽ കോളേജിൽ പോയി ചികിത്സിച്ചപ്പോൾ എന്റെ മകൻ അതുലിന് കാൻസറാണ് എന്ന് അറിയാൻ പറ്റി. Bone marrow ടെസ്റ്റും നടത്തിയതോടെ ഉറപ്പായി. തുടർന്ന് മെഡിക്കൽ കോളേജിലെ അജയൻ ഡോക്ടറാണ് RCC ഹോസ്പിറ്റലിൽ പോകാൻ പറഞ്ഞത്. ഇവിടെ ദേവകി വാര്യർ എന്ന ഒരു ട്രസ്റ്റിൽ നിൽക്കാനും പറഞ്ഞു തന്നു. ഞങ്ങൾ നവംബർ 27-ാം തീയതി ഇവിടെ വരികയും അന്നു തന്നെ അഡമിറ്റ് ആകുകയും ചെയ്തു. RCCയിൽ വന്ന് വളരെ പെട്ടെന്നു തന്നെ ചികിത്സ തുടങ്ങുകയും ചെയ്തു. എന്റെ അമ്മ ഇവിടെ ദേവകി വാര്യർ ട്രസ്റ്റിലാണ് നിന്നിരുന്നത്. അത് വലിയൊരാശ്വാസം തന്നെയാണ്. കാരണം ഇവിടുത്തെ ആന്റിമാരൊക്കെ നല്ല സ്നേഹമുള്ളവരാണ്. സ്വന്തം വീടുപോലെ തന്നെ ഇവിടെ നില്ക്കാൻ കഴിയുന്നുണ്ട്. ആദ്യത്തെ കീമോ കഴിഞ്ഞയുടനെ തന്നെ Bone marrow ടെസ്റ്റും നടത്തി. തുടർന്ന് 5 കീമോയും കഴിഞ്ഞു. ഇപ്പോൾ ആറാമത്തെ കീമോയും കഴിഞ്ഞു. എല്ലാ കാര്യങ്ങളും പെട്ടെന്നാക്കി തന്നത് അജയൻ സാറാണ്. ദേവകി വാര്യർ ട്രസ്റ്റ് നടത്തുന്നത് ഞങ്ങൾക്കും ഞങ്ങളെ പോലുള്ളവർക്കും വളരെ ഉപകാരമാണ്. 6 മാസമായി ഞങ്ങൾ ഇവിടെ നിൽക്കുന്നുണ്ട്. ഞങ്ങൾക്ക് ഇവിടെ എല്ലാവിധ സൗകര്യങ്ങളും ഉണ്ട്. ഈ ട്രസ്റ്റിനും ഈ ട്രസ്റ്റ് നടത്തിക്കൊണ്ടു പോകുന്നവർക്കും ഞങ്ങളും ഞങ്ങളെപ്പോലുള്ള രോഗികളും നന്ദി പറയുന്നു.

ബെന്നി
ചുണ്ടപുരയ്ക്കൽ ഹൗസ്, പോർക്കുളങ്ങാട് പി. ഒ.
ആനയ്ക്കൽ, O P No 14, E 447
Ph. 9048990299



ശരൺ ദേവ്

എന്റെ മകൻ ശരൺ ദേവിന് (മൂന്ന് വയസ്സ്) ഷോൾഡറിൽ ഒരു ചെറിയ മുഴ കാണുകയും അത് ഡോക്ടറെ കാണിച്ചപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാണിക്കാൻ പറയുകയും അവിടെ നിന്ന് ഓപ്പറേഷൻ ചെയ്ത് ബയോപ്സി പരിശോധനയിൽ R.M.S എന്ന രോഗത്തിന്റെ ലക്ഷണം കണ്ടെത്തിയതിനാൽ RCC യിലേക്ക് പോകുവാൻ പറയുകയും ചെയ്തു. ഇവിടത്തെ പരിശോധനയിൽ R.M.S എന്ന രോഗമാണെന്ന് കണ്ടെത്തുകയും തുടർന്ന് ഒരു വർഷത്തെ ചികിത്സ ആവശ്യമാണെന്ന് പറയുകയും ചെയ്തു. അതിന് ജൂലൈ മുതൽ 4 മാസം RCC യുടെ അടുത്ത് താമസിക്കണമെന്ന് പറഞ്ഞു. മരപ്പണിയെടുത്ത് ജീവിക്കുന്ന എനിക്ക് അതിന് സാമ്പത്തികമായി കഴിയുമായിരുന്നില്ല. മാത്രമല്ല എനിക്ക് ഒരു മകൾ കൂടി ജനിച്ച് ഒരാഴ്ച കഴിഞ്ഞ സമയമായിരുന്നു. അങ്ങനെ എന്ത് ചെയ്യണമെന്നറിയാതെ വിഷമിച്ച് നിൽക്കുമ്പോഴാണ് RCC ലെ ഒരു സ്റ്റാഫ് ദേവകി വാര്യർ സ്മാരകത്തെക്കുറിച്ച് പറയുന്നത്. അങ്ങനെ ഇവിടെ വരികയും 4 1/2 മാസം ഇവിടെ നിന്ന് ചികിത്സ നടത്തുകയും ചെയ്തു. ഇവിടെ നിന്ന് എനിക്ക് സാമ്പത്തികമായി സഹായങ്ങൾ കിട്ടിയിട്ടുണ്ട്. ഇപ്പോൾ ഞങ്ങൾ 21 ദിവസം കഴിയുമ്പോൾ ഇവിടെ വരികയും 6 ദിവസം ഇവിടെ താമസിക്കുകയും ചെയ്യുന്നു (കീമോതെറാപ്പിക്കു വേണ്ടി).

ദൂരെ നിന്നും ഇവിടെ ചികിത്സിയ്ക്ക് വരുന്ന പാവപ്പെട്ട രോഗിക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ ഭക്ഷണം, താമസ സൗകര്യങ്ങൾ ചെയ്ത് തരുന്നത് വിലകല്പിക്കാൻ കഴിയാത്ത സേവനമാണ്. ഇങ്ങനെയുള്ള ഈ സ്ഥാപനം മുന്നോട്ട് കൊണ്ട് പോകുവാൻ പ്രവർത്തിക്കുന്ന, കരുണ വറ്റാത്ത എല്ലാ മനുഷ്യസ്നേഹികൾക്കും സർവ്വശക്തനായ ദൈവത്തിന്റെ കൃപാ കടാക്ഷങ്ങൾ ഉണ്ടാവട്ടെ എന്ന് മനസ്സു നീറി ഞാനും എന്റെ കുടുംബവും പ്രാർത്ഥിക്കുന്നതോടൊപ്പം, ദേവകി വാര്യരുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

രമേഷ്. ടി

എന്റെ മകൾ സോണാ സോജന് രണ്ടു വർഷം മുമ്പ് കാലിനു വേദന വരികയും ഇതിനെ തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സിക്കുകയും ചെയ്തു. അവിടെ വച്ച് കാലിന്റെ ഓപ്പറേഷൻ നടത്തി. ബയോപ്സി ടെസ്റ്റിൽ കുട്ടിക്ക് സൈനോപിയൽ സർക്കോമ എന്ന മസിൽ കാൻസർ ആണെന്നും ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽകോളേജിലേക്ക് വിടുകയാണെന്നും പറഞ്ഞു.



സോണാ സോജൻ

2014 മാർച്ച് മാസം 1-ാം തീയതി ട്രീറ്റ്മെന്റ് തുടങ്ങി. 6 മാസത്തെ ട്രീറ്റ്മെന്റാണ് ഡോക്ടർ പറഞ്ഞത്. 2014 ആഗസ്റ്റ് അവസാനത്തോടെ ട്രീറ്റ്മെന്റ് തീർന്നു. ട്രീറ്റ്മെന്റ് സമയത്ത് ഞങ്ങൾ താമസിച്ചിരുന്നത് ദേവകീ വാര്യർ ട്രസ്റ്റിന്റെ ശ്രദ്ധ എന്ന സ്ഥാപനത്തിലാണ്. അവിടെ താമസ സൗകര്യവും ഭക്ഷണവും സൗജന്യമായിട്ടു കിട്ടിയിരുന്നു. അവിടത്തെ മാഡംമാരും, ആന്റിമാരും നല്ല സ്നേഹവും, സഹകരണവും ഉള്ളവരാണ്.

എന്ന്
അമ്മ സുധ സോജൻ

എന്റെ പേര് സൈദാ ഫൈസൽ. എനിക്ക് തൈറോയിഡ് കാൻസർ ആണ്. ആദ്യം കോയമ്പത്തൂർ ഹോസ്പിറ്റലിൽ ആയിരുന്നു കാണിച്ചിരുന്നത്. അപ്പോൾ ഓപ്പറേഷൻ ചെയ്യാൻ സാധിക്കുകയില്ലെന്ന് ഡോക്ടർ പറഞ്ഞു. എന്നിട്ട് ഞങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ പോയി. അവിടെ ഓപ്പറേഷൻ ചെയ്തു. ഞങ്ങൾക്ക് കുഞ്ഞുങ്ങൾ ഇല്ല. എന്റെ ഭർത്താവ് കൂലിപ്പണിക്കാരനാണ്. ആദ്യം ഞങ്ങൾക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ ധാരാളം കാശ് ചെലവായി. അസുഖം കുറയാത്തതിനാൽ തിരുവനന്തപുരം RCC യിൽ വന്നു. വീണ്ടും ഓപ്പറേഷൻ വേണമെന്നാണ് RCC യിലെ ഡോക്ടർ പറയുന്നത്. അതിനുള്ള ചികിത്സ നടക്കുകയാണ്. അങ്ങനെ ഞങ്ങൾ എത്തിയത് ഒരു പുണ്യസ്ഥലമായ ദേവകിവാര്യർ ട്രസ്റ്റിലാണ്. അവിടെ വന്നു കഴിഞ്ഞപ്പോൾ എന്റെ അസുഖം പകുതി കുറഞ്ഞു. അവിടത്തെ മേഡംമാരുടേയും ആന്റിമാരുടേയും സ്നേഹം! അങ്ങനെ എന്റെ അസുഖം പകുതി കുറഞ്ഞു. എന്നെ കണ്ടാൽ അസുഖം വന്ന സൈദ ആണെന്ന് പറയുകയില്ല. അങ്ങനെയിരിക്കെ മേഡംമാരുടെ സഹായത്താൽ RCCയിലെ സംഘടനയായ 'ആശ്രയ' എന്റെ ഭർത്താവിന് ഓട്ടോറിക്ഷാ എടുക്കുന്നതിന് സഹായിച്ചു. അങ്ങനെ അതിന്റെ കാരുണ്യം കൊണ്ട് ഞങ്ങൾ ജീവിച്ചു പോകുന്നു. ദേവകി വാര്യർ ട്രസ്റ്റിന്റെ എല്ലാ കമ്മിറ്റി അംഗങ്ങളും അവിടെയുള്ള ആന്റിമാരും ഞങ്ങളോട് കാണിച്ച സ്നേഹം ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. ദേവകി വാര്യർ ട്രസ്റ്റിൽ താമസിക്കുന്ന എല്ലാപേരേയും ട്രസ്റ്റ് അംഗങ്ങളേയും കുറിച്ച് ഈശ്വരനോട് പ്രാർത്ഥിക്കുന്നു.



സൈദാ ഫൈസൽ

സൈദാ ഫൈസൽ
പുച്ചക്കൽ ഹൗസ്
വെണ്ണിക്കര
പാലക്കാട്



സംഗീത. കെ. എസ്,

ജീവിതത്തിൽ ദുഃഖവും സന്തോഷവും എപ്പോൾ വേണമെങ്കിലും നമ്മളെ തേടിയെത്താം. ഒരു ജന്മമുണ്ടെങ്കിൽ അത് അവസാനിക്കും വരെ നമ്മോടൊപ്പമുണ്ടാകും. ആദ്യമായി ഞാൻ ദേവകി വാര്യർ സ്മാരകത്തോടും അതിന്റെ ജീവനക്കാരോടും എന്റെ നന്ദി അറിയിക്കുന്നു.

എന്നെ വളർത്തിയതും എന്നെ പഠിപ്പിച്ചതും എന്റെ അമ്മയായിരുന്നു. എനിക്ക് ആദ്യമായി രക്താർബുദം ബാധിച്ചത് 12-ാം വയസ്സിലായിരുന്നു. തൃശൂർ ജില്ലാ ആശുപത്രിയിൽ ഒരു മാസത്തോളം ചികിത്സിച്ചു. പിന്നീട് തൃശൂർ മെഡിക്കൽ കോളേജിൽ കുറച്ചുനാൾ ചികിത്സിച്ചു. അവിടെ വച്ച് ഈ രോഗമാണെന്ന് അറിഞ്ഞു. പിന്നീട് അവിടെ നിന്ന് അജയൻ ഡോക്ടർ വഴി തിരുവനന്തപുരത്തുള്ള RCC യിൽ വന്നു. ദേവകി വാര്യർ സ്ത്രീ പഠന കേന്ദ്രം എന്നറിയപ്പെടുന്ന സ്ഥാപനത്തിലാണ് ഞങ്ങൾ താമസിച്ചത്. അവിടെ ഞങ്ങൾക്ക് മൂന്നു നേരത്തെ ഭക്ഷണം ഉണ്ടാക്കിത്തരികയും സ്നേഹത്തോടെ പെരുമാറുകയും ചെയ്ത അംബിക ചേച്ചിയോടും അയിഷ ചേച്ചിയോടും ഒരുപാട് നന്ദിയുണ്ട്. പത്മിനിയമ്മ പലപ്പോഴുമായി ഞങ്ങളെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. പഠനാവശ്യത്തിനായി ആശ്രയയിൽ നിന്നും പൈസ ഏർപ്പെടുത്തുകയും ചെയ്തു. ആശ്രയയോടും ലക്ഷ്മിച്ചേച്ചിയോടും എന്റെ നന്ദിയുണ്ട്. ചികിത്സ കഴിഞ്ഞ് മാസം തോറും പോയി വരുമ്പോഴും ഞങ്ങൾക്കുവേണ്ടി ആ വാതിൽ തുറന്നു കിടക്കുമായിരുന്നു. പ്ലസ് ടു വിൽ പഠിക്കുമ്പോഴാണ് എനിക്ക് വീണ്ടും ലുക്കീമിയ എന്ന അർബുദ രോഗം ബാധിച്ചത്. കുറച്ചു ദിവസം കോട്ടയത്തു ചികിത്സിച്ചു. തിരിവനന്തപുരത്തേക്ക് തന്നെ പറഞ്ഞയച്ചു. അപ്പോഴും ഞങ്ങൾക്ക് താമസിക്കാനായി ഒരിടം തേടി നടക്കേണ്ടി വന്നില്ല. ഞാൻ പടം വരയ്ക്കുകയും ചെയ്യുന്നുണ്ട്.

സംഗീത. കെ. എസ്,
കാട്ടുപറമ്പിൽ വീട്, പടിക്കപ്പ് പി. ഒ.
പടിക്കപ്പ്, ഇടുക്കി

# പ്രവർത്തനങ്ങളുടെ ദൃശ്യസാക്ഷ്യം

















## പ്രവർത്തനങ്ങളുടെ ദൃശ്യസാക്ഷ്യം



ട്രിഡ വിശ്രമസങ്കേതം
























ചിത്രങ്ങൾ
സംഗീത കെ എസ്











# അനുഭവസാക്ഷ്യങ്ങൾ

എന്റെ പേര് സുരേഷ് കുമാർ. ഞാൻ മലപ്പുറത്തു നിന്നു വരുന്നു. എനിക്ക് മൂന്ന് കുട്ടികൾ, മൂത്ത മകൻ പ്രണവ്, രണ്ടാമത്തെ മകൻ പ്രജിൻ, പിന്നെ അർജ്ജുൻ (എന്റെ മൂത്ത രണ്ടു മക്കളും സംസാരിക്കുകയില്ല.) പ്രജിന്റെ അസുഖത്തെ തുടർന്നാണ് ഞങ്ങൾ ഇവിടെ വന്നത്. അവന് വയറു വേദനയെ തുടർന്ന് മലപ്പുറത്ത് (പെരിന്തൽമണ്ണ) E.M.S ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. സർജറി കഴിഞ്ഞു, ടെസ്റ്റ് കഴിഞ്ഞപ്പോൾ അവർ RCC ലേക്ക് റഫർ ചെയ്തു. അറുപതിനായിരം രൂപ ചിലവ് വന്നു. പിന്നെ ഇവിടെ വരുമ്പോൾ ഞങ്ങൾക്ക് കുറച്ച് രൂപയും രണ്ട് ഡ്രസുമാണ് ഉണ്ടായിരുന്നത്. ആദ്യം ട്രിഡ എന്ന സ്ഥാപനത്തിലായിരുന്നു. അവിടെ മൂന്ന് മക്കളേയും കൊണ്ട് നിൽക്കാൻ കഴിയില്ലായിരുന്നു. സാമ്പത്തികമായി മോശം കുടുംബമാണ് എന്റേത്. കയ്യിൽ വേണ്ടത്ര പൈസയുമില്ലായിരുന്നു. 4 മാസം പ്രായമായ കുഞ്ഞുമായിട്ടാണ് ഞങ്ങൾ ഇവിടെ വന്നത്. ബൗദ്ധികശേഷി ശരാശരിയിലും താഴ്ന്ന കുട്ടികളാണ് പ്രണവും പ്രജിനും. അവരേയും കൊണ്ട് ഞങ്ങൾ എങ്ങനെ ഹോസ്പിറ്റലിൽ പോകും എന്നറിയാതെ മാനസികമായി തകർന്ന അവസ്ഥയിൽ നിൽക്കുമ്പോഴാണ് ലിൻസി എന്നൊരു കുട്ടി ലക്ഷ്മി മാഡത്തെ പരിചയപ്പെടുത്തിയത്. സ്നേഹത്തിന്റേയും നന്മയുടേയും നിറകുടമായ ലക്ഷ്മി



പ്രജിൻ

മാഡത്തെ ദൈവമാണ് ഞങ്ങൾക്ക് മുന്നിൽ എത്തിച്ചത്. എത്ര പറഞ്ഞാലും ഞങ്ങൾക്ക് ആ സ്നേഹത്തിനും പരിചരണത്തിനും അതിന്റെ മുന്നിൽ പകരം വയ്ക്കാൻ മൂല്യമായിട്ട് ഒന്നുമില്ല. സാമ്പത്തികമായി നന്നായിട്ടു സഹായിച്ചിട്ടുണ്ട്. പിന്നെ ഐഷ ആന്റിയും അംബികാന്റിയും സ്വന്തം കുട്ടികളെ പോലെയാണ് ഞങ്ങളുടെ കുട്ടികളെ നോക്കിയിരുന്നത്. ഇവിടെ വരുന്ന എല്ലാ രോഗികളെയും സ്നേഹവും നല്ല ഭക്ഷണവും വസ്ത്രങ്ങളും കൊടുത്ത് പരിചരിക്കുന്നത്. മരുന്ന് വാങ്ങാൻ പൈസയില്ലാതെ ഞങ്ങൾ വിഷമിക്കുമ്പോഴും പൈസ തന്ന് സഹായിച്ചിട്ടുണ്ട്. ഇവിടുത്തെ എല്ലാ മാഡത്തിനോടും എങ്ങനെ എഴുതിയാലും അതൊരു നന്ദിവാക്കാകുമോ എന്നറിയില്ല. ഐഷാന്റിയുടെ സ്നേഹത്തിനു മുന്നിൽ ഞങ്ങൾ കൈ കൂപ്പുന്നു. 4 മാസം പ്രായമായ എന്റെ കുഞ്ഞിനെ നോക്കിയതും പരിചരണവും എല്ലാം ലക്ഷ്മി മാഡവും ഐഷാന്റിയും ആയിരുന്നു. കാലത്തിന്റെ ചുവരെഴുത്തുൾക്കുപോലും മായ്ച്ചു കളയാനാകാതെ, മനസ്സിന്റെ അന്തരാത്മാവിൽ ഒരു അപൂർവ്വ നിധി പോലെ സൂക്ഷിക്കും എന്നും എപ്പോഴും മാഡത്തിന്റെയും ആന്റിയുടെയും സ്നേഹത്തെ. ശ്രദ്ധയിലെ എല്ലാ സ്റ്റാഫിനേയും ഞങ്ങൾ ആരാധിക്കുന്നു ബഹുമാനിക്കുന്നു. കരുണ എന്ന സ്ഥാപനത്തിൽ നിന്നും സാമ്പത്തികമായിട്ടും അല്ലാതെയും ഞങ്ങളെ ഒരുപാട് സഹായിച്ചിട്ടുണ്ട്. ശ്രദ്ധ എന്ന ഈ സ്ഥാപനം ഉയരങ്ങളിലേക്ക് എത്തട്ടെ എന്ന് പ്രാർത്ഥനയോടെ ആശംസിക്കുന്നു.

സുരേഷ് കുമാർ എൻ.ടി
മലപ്പുറം
ഫോൺ നം. 9961265725



നിരഞ്ജന

എന്റെ പേര് ശശി. ഞങ്ങൾ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ എന്ന സ്ഥലത്ത് നിന്ന് വരുന്നു. ഞാനും ഭാര്യയും മകളും അടങ്ങുന്നതാണ് കുടുംബം. എനിക്ക് കൂലിപ്പണിയാണ്. ഞങ്ങൾ സന്തോഷത്തോടെ കഴിയുമ്പോഴാണ് മകൾക്ക് സുഖമില്ലാതായത്. ഞങ്ങൾ അവളെ മംഗലാപുരം ഹോസ്പിറ്റലിൽ കാണിച്ചു. അവിടെ നിന്ന് മകൾക്ക് (നിരഞ്ജന) ബ്ലഡ് കാൻസർ ആണെന്ന് അറിയുകയും പിന്നീട് RCC ലേക്ക് മാറ്റുകയും ചികിത്സ ആരംഭിക്കുകയും ചെയ്തു.

തിരുവനന്തപുരത്ത് എത്തിയപ്പോൾ ഞങ്ങൾക്ക് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു. മാനസികമായി തകർന്ന ഞങ്ങൾക്ക് താമസിക്കാൻ ഒരു സ്ഥലത്തിനു വേണ്ടി ഒരുപാട് അന്വേഷിച്ചു. അങ്ങനെ ഞങ്ങൾ ദേവകി വാര്യർ ട്രസ്റ്റിൽ എത്തുകയും അവിടുത്തെ അംഗമാവുകയും ചെയ്തു. കഴിഞ്ഞ രണ്ട് വർഷമായി ഞങ്ങൾ ദേവകി വാര്യർ ട്രസ്റ്റിലെ അംഗമാണ്. മകൾക്ക് ഇപ്പോൾ മാസ ചെക്കപ്പാണ്. നല്ല മാറ്റമുണ്ട്. ട്രസ്റ്റിലെ എല്ലാ മാഡംമാരും ഞങ്ങളോട് വളരെ സ്നേഹത്തോടെ പെരുമാറുകയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുന്നു. മാനസികമായി തകർന്ന ഞങ്ങൾക്ക് ഇന്ദിര ആന്റിയുടെയും അയിഷാന്റിയുടേയും സ്നേഹത്തോടെയുള്ള പെരുമാറ്റം ഒരുപാട് ആശ്വാസമാണ്. പിന്നെ ട്രസ്റ്റിലെ ഭക്ഷണവും വളരെ നല്ലതാണ്. ട്രസ്റ്റിലെ എല്ലാവരും ഞങ്ങളോട് വളരെ നല്ല രീതിയിൽ തന്നെയാണ് പെരുമാറുന്നത്.

അന്യ നാട്ടിൽ നിന്ന് ചികിത്സ തേടി വരുന്ന ഞങ്ങളെ പോലുള്ള പാവപ്പെട്ട രോഗികൾക്ക് ഒരുപാട് ആശ്വാസമാണ് ദേവകിവാര്യർ ട്രസ്റ്റ്. ഇനിയും ഉന്നതങ്ങളിലേക്ക് കുതിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

എന്ന്
ശശി. പി
പാവൂർ വീട്, ഇടയിലക്കാട്
വലിയപറമ്പ് പട്ടണം
കാസർഗോഡ്, Ph:9947646806



ജിഷ്ണു പ്രഭാകരൻ

സ്നേഹത്തോടെ ദേവകി വാര്യർ സ്മാരകത്തിലെ രക്ഷാധികാരികൾക്ക് പ്രഭാകരൻ എഴുതുന്നത്, എന്റെ മകൻ ജിഷ്ണുവിന് പനിയും ചെവിക്ക് പുറകിലായി ഒരു മുഴയുമാണ് ആദ്യം വന്നത്. ഞങ്ങൾ പാലക്കാട് നടരാജൻ ഡോക്ടറെ കാണിച്ചപ്പോൾ ഫീസ് പോലും വാങ്ങാതെ ഉടൻ തന്നെ തൃശൂർ മെഡിക്കൽകോളജിൽ എത്തിക്കുവാൻ പറഞ്ഞു. 10.02.2006 -ൽ തൃശൂർ മെഡിക്കൽകോളജിൽ എത്തി. O.P. 6ാം നമ്പറിൽ ചെന്നപ്പോഴാണ് അജയൻ ഡോക്ടറെ പരിചയപ്പെടുന്നത്. മൂന്ന് മാസത്തോളമായി അവിടെ ചികിത്സയിലായിരുന്നു. അവിടെ വച്ച് ബയോപ്സി എടുത്തതിൽ നിന്നാണ് ഈ രോഗമാണെന്ന് അറിയുന്നത്. C.T Scan എലൈറ്റ് ഹോസ്പിറ്റലിൽ നിന്ന് എടുത്തു. അന്നവന് രണ്ട് വയസ്സായിരുന്നു പ്രായം. M.R.I Scan നും പതോളജി ടെസ്റ്റും നടത്തി രോഗം സ്ഥിരീകരിച്ചു. കാൻസർ ആണെന്നാണ് അന്ന് ഡോക്ടർ പറഞ്ഞത്. വീണ്ടും അജയൻ ഡോക്ടറുടെ നിർദ്ദേശപ്രകാരം ചെവിയുടെ പിറകിൽ ഓപ്പറേഷൻ നടത്തി. പനി തുടർച്ചയായി വന്നുകൊണ്ടിരുന്നതിനാൽ അജയൻ ഡോക്ടർ RCC ക്ക് റഫർ ചെയ്തു. നിങ്ങൾ കുട്ടിയെയും കൊണ്ട് എത്തിയാൽ മതിയെന്നും ബാക്കി അമ്മ (പത്മിനിയമ്മ) ചെയ്തുകൊള്ളുമെന്നും പറഞ്ഞു.

രാവിലെ വന്ന അമ്മ 4 മണി വരെ കൂടെനിന്ന് എല്ലാം ടെസ്റ്റുകളും നടത്താൻ സഹായിച്ചു. 24.04.2006 ലാണ് ഞാൻ ദേവകി വാര്യർ ട്രസ്റ്റിൽ എത്തിപ്പെട്ടത്. അന്നിവിടെ ആയിഷ ചേച്ചിയും, അംബിച്ചേച്ചിയും ഉണ്ടായിരുന്നു.

താമസ സൗകര്യവും ഭക്ഷണവും സൗജന്യമായിത്തന്നെ നൽകി കീമോതെറാപ്പി എടുക്കുന്നതു കൊണ്ട് 9 മാസക്കാലം ചികിത്സ നടത്താൻ ഇവിടെ താമസിച്ചു. ഇവിടെനിന്ന് എനിക്ക് ഒരുപാട് സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. കൂടാതെ പത്മിനിയമ്മ എന്നെ സാമ്പത്തികമായും സഹായിച്ചിട്ടുണ്ട്. അയിഷചേച്ചി ഒരു സഹോദരിയെ പോലെയാണ് എന്റെ മകനെ ശുശ്രൂഷിച്ചത്. പത്ത് വർഷമായി ഈ കൂലിപ്പണിക്കാരനായ ഞാൻ എന്റെ മകനെ ചികിത്സിക്കുന്നു. അന്ന് തൊട്ട് ഇന്നുവരെ ഈ സ്ഥാപനത്തിൽ തന്നെയാണ് ഞാൻ അഭയം തേടിയത്. മരിച്ചാലും മറക്കാനാകാത്തത്ര കടപ്പാട് എനിക്ക് ഈ സ്ഥാപനത്തോട് ഉണ്ട്. എന്റെ മകന് വേണ്ട വസ്ത്രങ്ങൾ വരെ ഇവിടെ നിന്ന് വാങ്ങിതന്നിട്ടുണ്ട്. മറ്റെങ്ങും പോയാൽ ലഭിക്കാത്ത സ്നേഹവും സംരക്ഷണവും ഇവിടെ നിന്ന് കിട്ടിയിട്ടുണ്ട്. C.T Scan എടുക്കാനാ ണ് 27.04.2015 ന് വീണ്ടും വന്നത്. നിറഞ്ഞ മനസ്സോടെ എന്റെ മകനെ അവർ സംരക്ഷിക്കുമ്പോൾ ആ നല്ല മനസ്സുകൾക്ക് ഒരായിരം നന്മകൾ നേരുകയാണ്.

എന്ന്
പ്രഭാകരൻ
9746793100



അശ്വതി

എന്റെ ചെറുമകൾ അശ്വതി ബ്ലഡ് കാൻസർ ആയി RCC യിൽ ചികിത്സയ്ക്ക് 09.06.2007 ൽ ഉണ്ടായിരുന്നു. എന്നാൽ അന്ന് എല്ലാവിധ സഹായങ്ങളും ദേവകി വാര്യർ ട്രസ്റ്റിൽ നിന്നാണ് ലഭിച്ചിരുന്നത്. അതിന് ഞങ്ങൾ അങ്ങേയറ്റം കൃതാർത്ഥതയുള്ളവരാണ്. കാരണം ഒരു പരിചയവും ഇല്ലാത്ത സ്ഥലത്ത് ചികിത്സയ്ക്കു പോലും വഴിയില്ലാത്ത അവസ്ഥയിൽ താമസവും ഭക്ഷണവും എന്ന് വേണ്ട മറ്റ് സഹായങ്ങളും ഒന്നുംമറക്കുവാൻ സാധിക്കുന്നതല്ല. ഇവിടെ ഇങ്ങനെ ഒരു സ്ഥാപനമുള്ളത് ഒരു ദൈവാനുഗ്രഹമായിട്ടാണ് തോന്നിയത്. തൃശൂരിൽ പലയിടത്തും ചികിത്സകൾ നടത്തിയിട്ടാണ് ഒടുവിൽ ഞങ്ങൾ തിരുവനന്തപുരത്ത് എത്തിയത്. എല്ലാം കൈവിട്ട അവസ്ഥയിൽ അവിടെ എത്തിയ ശേഷം എല്ലാ കാര്യങ്ങൾക്കും ഒരുകൈ സഹായമായി നിന്നത് ദേവകി വാര്യർ ട്രസ്റ്റ് തന്നെയാണ് എന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇനിയും ട്രസ്റ്റ് കൂടുതൽ നല്ലനിലയിലേക്ക് ഉയരട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാ നന്മകളും നേർന്നുകൊണ്ട് സ്നേഹാശംസകളോടെ

ഭാനുമതി
C/o പണ്ടാരത്തിൽ സുരേഷ്
കാവിൽ പി. ഒ, കൊടകര
(പിൻ. 680684), തൃശൂർ ജില്ല.



ജോൺ. പി. ജി.

നമസ്ക്കാരം എന്റെ പേര് ജോൺ. ഞാൻ RCC യിലെ ഒരു പേഷ്യന്റാണ്. ഞാൻ 3 1/2 വർഷമായി ചികിത്സയിലാണ്. ഈ 3 1/2 വർഷവും ദേവകി വാര്യർ ട്രസ്റ്റിലാണ് താമസവും ഭക്ഷണവും. ഇവിടെ ഞങ്ങൾ എല്ലാവരും ഒരു കുടുംബം പോലെയാണ് കഴിയുന്നത്. ഇവിടെ വരുന്ന മാഡംമാർ ഞങ്ങളോട് നല്ല സ്നേഹത്തോടെയാണ് പെരുമാറുന്നത്. ഞങ്ങളുടെ രോഗ വിവരങ്ങൾ ചോദിക്കുകയും ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യും. ദേവകിവാര്യർ ട്രസ്റ്റിൽ താമസിക്കാൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. ഇവിടെയുള്ള ഐഷ ആന്റിയും ഇന്ദിര ആന്റിയും നല്ല സ്നേഹത്തോടെയാണ് എല്ലാവരോടും പെരുമാറുന്നത്. പാവപ്പെട്ടവരുടെ ഒരു അത്താണിയാണ് ദേവകിവാര്യർ ട്രസ്റ്റ്. പൈസ ഒന്നും കൂടാതെ ഇവിടെ താമസിക്കാൻ സാധിച്ചതിന് നന്ദി.

എന്ന്
ജോൺ. പി. ജി.
പടമാട്ടുമ്മൽ വീട്, കൊടുങ്ങല്ലൂർ, തൃശൂർ



ഷാബിൻ ബെന്നി

എന്റെ മകൻ ഷാബിന് 2009 സെപ്തംബർ മാസത്തിൽ ചുമയായി. ഞങ്ങൾ തൃശൂർ ഹോസ്പിറ്റലിലേക്ക് പോയപ്പോൾ, അജയൻ ഡോക്ടർ തിരുവനന്തപുരം RCC യിലേക്ക് പോകാൻ പറഞ്ഞു. അവിടെ ചെന്ന് Bone Marrow Test നടത്തിയപ്പോൾ മജ്ജയിൽ കാൻസറാണെന്ന് പറഞ്ഞു. അജയൻ ഡോക്ടറിന്റെ നിർദ്ദേശപ്രകാരം ഞങ്ങൾ ദേവകിവാര്യർ ട്രസ്റ്റിലേക്ക് പോയി. സ്വന്തം വീട്ടിൽ താമസിച്ചതുപോലെയുള്ള ഒരു അനുഭവമായിരുന്നു. ദേവകീവാര്യർ ട്രസ്റ്റിന്റെ എല്ലാ പ്രവർത്തകർക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങൾക്ക് തന്ന സ്നേഹത്തിനും സഹായത്തിനും നന്ദി പറയുന്നു.

എന്ന്
ബെന്നി
മാതിരപ്പിള്ളി ഹൗസ്
മാലിപ്പുറം പി. ഒ
മൂക്കൻചിറ.



ടിജിൻ

എന്റെ പേര് ടിജിൻ തോമസ്, ഞാൻ പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി എന്ന ഗ്രാമത്തിലാണ് താമസിക്കുന്നത്. 2009 ജൂലൈയിൽ അസഹ്യമായ കാല് വേദനയെത്തുടർന്ന് തൃശൂർ മെഡിക്കൽ കോളജിൽ അഡ്മിറ്റാവുകയും അവിടെ വച്ച് രക്താർബുദം ആണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. തുടർചികിത്സയ്ക്കായി ഡോക്ടർമാർ നിർദ്ദേശിച്ചത് തിരുവനന്തപുരം RCC ആയിരുന്നു. അവിടെ ആദ്യ ദിവസങ്ങളിൽ താമസത്തിനു വളരെയധികം ബുദ്ധിമുട്ടി. അങ്ങനെയിരിക്കുമ്പോൾ ലക്ഷ്മി മാഡത്തെ പരിചയപ്പെടുകയും, മാഡം മുഖേന ദേവകി വാര്യർ വിമൻസ് സ്റ്റഡി സെന്ററിൽ താമസ സൗകര്യം ഏർപ്പെടുത്തി തരികയും ചെയ്തു. ഏതാണ്ട് ഒരു വർഷത്തെ തുടർ ചികിത്സയായിരുന്നു ഡോക്ടർമാർ നിർദ്ദേശിച്ചത്. അത്രയും നാളും പിന്നീട് Check up ന് വരുമ്പോഴും താമസവും ഭക്ഷണവും ദേവകി വാര്യർ വിമൻസ് സ്റ്റഡി സെന്ററിൽ ആയിരുന്നു. തുറന്നു പറയട്ടെ എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷമേറിയ ദിനങ്ങളായിരുന്നു അത്. എന്നെ സ്വന്തം മകനെ പോലെ കരുതിയ എന്റെ ഐഷാന്റി, എന്നെ വീട്ടിലെ ഒരംഗത്തെ പോലെ കണ്ട ലക്ഷ്മി മാഡം, സുശീലാ മാഡം, പത്മിനി മാഡം തുടങ്ങിയവർ, എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ, ഇവരെയൊക്കെ എനിക്കു തന്നത് എന്റെ രോഗമാണ്. ആ രോഗത്തിൽ നിന്ന് എനിക്ക് മോചനം തന്നതോ? ഞാൻ മുകളിൽ പറഞ്ഞവരും. മരുന്നോ ഔഷധമോ അല്ല ദൈവമാണ് രോഗിയെ സുഖപ്പെടുത്തുന്നത് എന്ന് ബൈബിൾ അനുശാസിക്കുന്നു. ദൈവം സ്നേഹമാണല്ലോ! അപ്പോൾ എന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചത് നിങ്ങളുടെ രൂപത്തിലാണ്!! നന്ദി...........എല്ലാറ്റിനും......

ടിജിൻ



ഉണ്ണികൃഷ്ണൻ

'ദേവകി വാര്യർ ട്രസ്റ്റില്ലെങ്കിൽ ഇന്നത്തെ ഞാനില്ല' കാരണം അവസാനത്തെ നാളമായ് കരിന്തിരിയായ് കത്തി നിന്ന ഈ ജന്മത്തെ നെയ്യ് ഒഴിച്ച് ഒരു കെടാവിളക്കാക്കി തീർത്ത ട്രസ്റ്റ് ഭാരവാഹികളോട് എങ്ങനെ നന്ദി അറിയിക്കണമെന്ന് വാക്കുകളാൽ വിവരിക്കാൻ കഴിയില്ല. അത്രയ്ക്കും നിങ്ങളോട് എന്റെ ജീവൻ കടപ്പെട്ടിരിക്കുന്നു.

നിങ്ങളുടെ കാരുണ്യവും സ്നേഹപ്രവൃത്തിയും അതൊന്നു മാത്രമാണ് ജീവച്ഛവമായിരുന്ന എന്നെ ജീവിതത്തിലേക്കു കൈപിടിച്ചുയർത്തിയത്. ഒരു കച്ചിത്തുരുമ്പെങ്കിലും എന്റെ ജീവിതത്തിൽ കൈത്താങ്ങാകുമോ എന്ന് ശങ്കിച്ചിരിക്കുമ്പോൾ, പ്രാർത്ഥിച്ചിരിക്കുമ്പോൾ എനിക്ക് തണലേകുവാൻ ഒരു വടവൃക്ഷമായാണ് 'ദേവകി വാര്യർ ട്രസ്റ്റ്' എന്റെ മുമ്പിൽ ദൈവമായ് പ്രത്യക്ഷപ്പെട്ടത്.

നട്ടെല്ലിനു ക്ഷതമേറ്റും, മൾട്ടിപ്പിൾ മൈലോമ എന്ന കാൻസർ രോഗവും ബാധിച്ച് അനങ്ങാൻ പോലും കഴിയാതെ വേദന കടിച്ചമർത്തി സ്ട്രെച്ചറിൽ കിടന്ന ഒരു വലിയ കുടുംബത്തിന്റെ ഏക അത്താണിയായിരുന്ന എന്നെ സാന്ത്വന വാക്കുകളിലൂടെ സമാധാനിപ്പിച്ചും ഭക്ഷണവും താമസവും ആംബുലൻസ് സൗകര്യവും തന്ന് വീണ്ടും ഒരു മനുഷ്യനെപ്പോലെ നടക്കാനും നിത്യജോലി ചെയ്യാനും വാഹനമോടിക്കാനും പ്രാപ്തമാക്കിയ; സ്വന്തം വേദനകൾ മാറ്റി വച്ച് ത്യാഗമനോഭാവത്തോടു കൂടിയും കർത്തവ്യ ബോധത്തോടും ജീവിതത്തിലെ പ്രാരാബ്ധങ്ങളെ അകറ്റി നിർത്തിയും 'പരോപകാരം പുണ്യം' എന്ന വാക്യത്തെ അന്വർത്ഥമാക്കി കൊണ്ട് പ്രവർത്തിക്കുന്ന കാരുണ്യ കരങ്ങളായ എല്ലാ ട്രസ്റ്റ് ഭാരവാഹികളോടും ആയിരമായിരം നന്ദി പ്രകാശിപ്പിക്കുന്നു.

എന്ന്
ഉണ്ണികൃഷ്ണൻ
പാലക്കാട്

# മനസ്സുകളിൽ നന്മ വറ്റാതിരിക്കട്ടെ!



പി.എൻ.സരസമ്മ
ട്രഷറർ

**ലോ**കത്ത് വിവിധ സ്ഥലങ്ങളിൽ താമസിക്കുന്ന മലയാളികൾ ആർ. സി. സി. യിലെയും ശ്രീചിത്രയിലെയും ചികിത്സയ്ക്കെത്തുമ്പോൾ ദേവകി വാര്യർ സ്മാരകത്തിൽ താമസം അന്വേഷിച്ചെത്തുന്നത് ഇപ്പോൾ വർദ്ധിച്ചു വരുന്നു. വരുന്നവർക്കെല്ലാം സൗകര്യമൊരുക്കാൻ സ്ഥല പരിമിതികൊണ്ട് ഞങ്ങൾക്ക് കഴിയാറില്ല. മുമ്പില്ലാത്തവിധം രോഗ വ്യാപനത്തിന്റെ തോത് വർദ്ധിച്ചത് സമൂഹത്തെയും ലോകത്തെയും ആശങ്കപ്പെടുത്തുന്നുമുണ്ട്. എന്നാൽ മാസങ്ങളോളം ഈ സ്ഥാപനത്തിൽ താമസിച്ച് ചികിത്സ തേടി തിരിച്ചു പോകുന്നവർ ഒരു നല്ല വിഭാഗം സുഖം പ്രാപിക്കുന്നുവെന്നുള്ളത് അവരെപ്പോലെ ഞങ്ങൾക്കും ഏറെ സന്തോഷം തരുന്നു. ഇവിടെ താമസിക്കുന്ന കാലയളവിൽ അവരോട് കാണിക്കുന്ന ആത്മാർത്ഥത അവരിൽ നിന്ന് ഒരാത്മബന്ധമായി അനുഭവപ്പെടുകയാണ് ഞങ്ങൾക്ക്. ഒരോതവണയും ചികിത്സ കഴിഞ്ഞ് മടങ്ങിയിട്ട് അടുത്ത കാലാവധിക്കായി കാത്തു നിൽക്കുന്ന ഇടവേളകളിൽ ഫോൺ മുഖേന അവർ ഞങ്ങളുടെ ക്ഷേമം അന്വേഷിക്കുന്നു, വീട്ടു വിശേഷങ്ങളും നാട്ടുവിശേഷങ്ങളുമൊക്കെ പങ്കു വയ്ക്കുന്നു. ഈ സ്ഥാപനമെന്ന കുടുബത്തിലെ അകന്നു താമസിക്കുന്ന ഒരംഗത്തെപ്പോലെയാണ് പിന്നീടവർ. ചികിത്സ കഴിഞ്ഞു സുഖപ്പെട്ടു പോകുന്നവർ അവരുടെ സ്നേഹവും നന്ദിയും പ്രകടിപ്പക്കുന്നത് ചിലപ്പോൾ കണ്ണീരിലൂടെയോ ഒക്കെയാകുന്നത് സ്വാഭാവികം. ജനിച്ചു വീണുടനെയുള്ള കുരുന്നുകൾ, ചിരിയും കൊഞ്ചലുമായി ഓടി നടക്കുന്ന ബാല്യങ്ങൾ ഒക്കെ ഞങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമാവുകയാണിവിടെ. അവരുടെയൊക്കെ സുഖവും ദുഖവും ഞങ്ങളുടേതുകൂടിയാകുമ്പോൾ അവരെയും അവരുടെ ബന്ധുക്കളെയും സാന്ത്വനിപ്പിക്കാനും അവർക്കു മാനസികമായി കരുത്തു പകരാനും ഞങ്ങളുടെ സംഘടന ജാഗ്രത കാണിക്കുന്നുണ്ട്.

പരിചിതരും അപരിചിതരുമായ ധാരാളം പേരുടെ ചെറുതും വലുതുമായ സഹായങ്ങൾ ഈ സ്ഥാപനത്തെ നിലനിർത്തുന്നു. സഹായം നൽകുന്നവർ അവർക്കു വേണ്ടപ്പെട്ടവരുടെ ജന്മദിനങ്ങൾ ഓർമ്മദിനങ്ങൾ ഒക്കെ ഞങ്ങളുടെ സ്ഥാപനത്തിലെ നിർദ്ധനരായ രോഗികളോടൊപ്പം പങ്കിടാൻ എത്തുന്നത് അവർക്ക് ഏറെ ആശ്വാസവും ആഹ്ലാദവും നൽകുന്നുണ്ട്. നന്മ മരിച്ചു കൊണ്ടിരിക്കുന്നു എന്ന് നമ്മൾ മുറവിളി കൂട്ടുമ്പോൾ വറ്റാത്ത നന്മയുടെ ഉറവകൾ എവിടെയൊക്കെയോ ചാലു കീറുന്നുവെന്നുള്ളതും ഞങ്ങൾക്ക് അനുഭവിക്കാനാകുന്നു. അത് ദേവകി വാര്യരുടെ പേരിലാകുമ്പോൾ ഞങ്ങൾക്ക് അഭിമാനവുമാണ്.

# ഞങ്ങളുടെ കരുത്ത്



ജി.കെ.ലളിതകുമാരി
പ്രസിഡന്റ്

**കേ**രളത്തിലെ സ്ത്രീ സമൂഹത്തെ അവരുടെ പഴയ രൂപവും ഭാവവും മാറ്റി പെതു പ്രവർത്തനം എന്ന അഗ്നികുണ്ഠത്തിലേയ്ക്ക് എടുത്തു ചാടുന്നതിനുള്ള കരുത്തു പകർന്നു നൽകിയ മുൻകാല വനിതാനേതാക്കളിൽ പ്രമുഖയാണ് സ.ദേവകീവാര്യർ. അവർ പകർന്നുതന്ന ഊർജ്ജം പൂർണ്ണമായി ഉൾക്കൊള്ളുന്ന നമ്മൾ എങ്ങനെ നമ്മളായി എന്ന് ഉത്തമ ബോധ്യമുള്ള ഒരു കമ്മറ്റിയാണ് ദേവകീ വാര്യർ സ്മാരക സ്ത്രീ ശാക്തീകരണ പഠനകേന്ദ്രത്തെ ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്നത്. ദേവകി ചേച്ചിയുടേയും ഡോ.വാര്യർസാറിന്റെയും ആദർശ ധീരതയും, ലാളിത്യവും, സ്നേഹവും നേരിട്ടനുഭവിച്ചവരാണ് പഠന കേന്ദ്രത്തിലെ കമ്മിറ്റിയംഗങ്ങൾ മിക്കവരും. മുല്ലപ്പൂംപൊടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം എന്ന കവി വാക്യം പോലെ ആ സൗരഭ്യം പരത്തുന്ന ജീവിതം കൊണ്ട് ഒപ്പം നിന്ന് ആ സാന്നിദ്ധ്യം അടുത്തറിഞ്ഞ ഞങ്ങൾക്ക് അവരുടെ ആദർശങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടു പോകാൻ സാധിക്കുന്നുണ്ട്. ഇനി വരുന്ന തലമുറയ്ക്കും അതു പകർന്നു നൽകാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക, ആതുരസേവനരംഗത്തെല്ലാം ബാധിച്ചിരിയ്ക്കുന്ന കമ്പോള സംസ്ക്കാരത്തിനും മൂല്യച്യുതിയ്ക്കുമെതിരെ ശബ്ദം ഉയർത്തുവാനും, സ്ത്രീ സുരക്ഷയ്ക്കെതിരെ വരുന്ന എല്ലാ ആസുരതകളെയും ചെറുത്തു തോല്പിക്കുവാനുമുള്ള കഠിന പ്രയത്നവും ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. മാനവികതയും മതനിരപേക്ഷതയും പുലർത്തുന്ന വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും സഹായസഹകരണങ്ങൾ അതിനായി ഞങ്ങൾ പ്രതീക്ഷിക്കുന്നു.

# ഓർമ്മത്തണലിൽ



ഡോ.പി.കെ.ഭാഗ്യലക്ഷ്മി

ഒരു സ്ത്രീ എന്ന നിലയിൽ ജീവിതത്തിന്റെ തിരക്കുകളിൽ നിന്നെല്ലാം ഇത്തിരി സാവകാശം ലഭിച്ചുതുടങ്ങിയപ്പോഴാണ് വീണ്ടും എഴുതാനും ഒപ്പം പഠിക്കാനും തുടങ്ങിയത്. വൈകിപ്പോയോ എന്ന സംശയവുമായാണ് എഴുതിത്തുടങ്ങിയത്. പക്ഷേ, ആദ്യമായെഴുതിയ നോവൽ ടിക്കുറോ, ആദ്യമായി കുട്ടികൾക്കു വേണ്ടിയെഴുതിയ കഥ- രണ്ടും ദേവകി വാര്യർ എന്ന മഹനീയവ്യക്തിയുടെ മഹിതമായ ഓർമ്മയ്ക്കുവേണ്ടി ഏർപ്പെടുത്തിയ അവാർഡിനർഹമായി എന്നത്, നഷ്ടപ്പെട്ടുപോയ കാലത്തിന്റെ തിരിച്ചു പിടിക്കലായിരുന്നു. കാലത്തെയും സമയത്തെയും നഷ്ടപ്പെട്ടതിനെയൊക്കെ, തിരിച്ചു പിടിക്കാൻ ഉതകുന്ന ശക്തിയും വേഗതയും മനസ്സിനുണ്ടെന്നും, പ്രത്യേകിച്ച് സ്ത്രീശക്തി അക്ഷയമാണെന്നും മനസ്സിലാക്കിത്തന്ന്, എഴുത്തിന്റെ വഴികളിൽ ശക്തമായ പ്രചോദനവും പ്രോത്സാഹനമാവുകയും ചെയ്തു എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം ദേവകീ വാര്യർ സ്മാരക അവർഡ് വ്യക്തിപരമായി എനിക്കുണ്ടാക്കിയ ഒരു നേട്ടം. ഈ അവാർഡ് ഏർപ്പെടുത്തിയകാലം മുതൽ ലഭിച്ച എല്ലാ വനിതകളുടേയും അഭിപ്രായം മറ്റൊന്നാവില്ല എന്നു തോന്നുന്നു.

നീതിയുക്തവും കൃത്യവുമായി നല്കുന്ന അവാർഡുകൾ ഏറെ പ്രചോദനമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. അവാർഡ്ദാനച്ചടങ്ങിൽ ടിക്കുറോവിനെക്കുറിച്ച് വിലയിരുത്തി സംസാരിച്ചപ്പോൾ അതു മനസ്സിലായി. കൈയെഴുത്തു പ്രതിയായ ടിക്കുറോവിന് ആദ്യമായി അംഗീകാരം കിട്ടിയതിനുശേഷം ഭീമാ ബാലസാഹിത്യ അവാർഡ്, എസ്.ബി.ടി. ബാലസാഹിത്യ അവാർഡ്, പായൽ ബുക്സ് പ്രഥമ ബാലസാഹിത്യ അവാർഡ് എന്നിവ ലഭിക്കുകയുണ്ടായി. ഓരോ അവാർഡ് വാങ്ങിക്കുമ്പോഴും വേദിയിൽ വച്ച് ഓർമ്മയിലെത്തുക തിരുവനന്തപുരത്തെ സദസ്സും അവയുടെ ഊർജ്ജസ്വലത നിറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീശാസ്ത്രീകരണ പ്രവർത്തകരുടെ പ്രവർത്തനങ്ങളുമാണ്. മനസ്സുനിറയുന്ന ഓരോർമ്മയാണത്.

അർബുദ രോഗികളെ സൗജന്യമായി പാർപ്പിക്കുന്ന ചാലക്കുഴിയിലെയും അർബുദരോഗികൾക്ക് സഹായമായി വർത്തിക്കുന്ന കേന്ദ്രത്തിന്റെയും പ്രവർത്തനവും ലൈബ്രറിയും എല്ലാം ഓർമ്മയിൽ എന്നും മറക്കാതെയുണ്ട്. എന്റെ എഴുത്തുവഴികളിൽ എന്റെ ആദ്യത്തെ പ്രധാന അംഗീകാരമായി എന്നും ഈ അവാർഡിന്റെ ഓർമ്മ നിലനിൽക്കും. എന്നും പ്രോത്സാഹനമായിത്തന്നെ. ഒപ്പം പ്രവർത്തനത്തിന്റെയും സ്നേഹത്തിന്റേയും മികവ്കൊണ്ട് മനസ്സിൽ കുടിയേറിയ പ്രിയ ജ്യേഷ്ഠ സഹോദരിമാരുടേയും ആദരവ് മനസ്സിൽ എന്നും സൂക്ഷിക്കുന്നു.

രണ്ടാമത്തെ പ്രാവശ്യം അവാർഡ് വാങ്ങി തിരികെ പോരുമ്പോൾ പെയ്ത പെരുമഴ, നനഞ്ഞുകുളിച്ച് റെയിൽവേ സ്റ്റേഷൻ റോഡിൽ നിൽക്കുമ്പോൾ ഡോ. സലിലയും (രണ്ടാമത്തെ പുരസ്ക്കാരം ലഭിച്ച ആൾ) പ്രശസ്ത സൂഫി എഴുത്തുകാരനായ ശ്രീ ഇ എം ഹാഷിം എന്നിവരും ഒപ്പമുണ്ടായിരുന്നു. മനസ്സ് തണുത്ത് കുളിർത്തു. ഓരോ യാത്രയും ഓരോ ഓർമ്മപ്പെടുത്തലാണ്. ഓർമ്മയാണ്. ഒരു പിടി നന്മകളുടെ, സ്നേഹത്തിന്റെ, സാന്ത്വനത്തിന്റെ ശക്തിയുടെ. ജീവിതത്തിന്റെ ചതുരക്കിണറിൽ നിന്നും പുറത്തുകടക്കാനായി കയറേണിയാവുകയാണ് അംഗീകാരങ്ങൾ. അക്ഷരങ്ങൾ മനസ്സിനു പകർന്നു തരുന്ന ഐന്ദ്രജാലിക ശക്തിമതി ഒരാളെ ആകാശത്തോളമുയർത്താൻ, ഇടിമിന്നലിന്റെ ഊർജ്ജം നല്കാൻ, കൊടുങ്കാറ്റിന്റെ ശക്തി പകരാൻ, മഞ്ഞുനൂലിന്റെ മൃദുത്വം പകരാൻ. ഓർമ്മപ്പെടുത്തിയ സ്നേഹമൊഴികൾക്കു നന്ദി. അഭയമാകുന്ന തണലിനും അന്നത്തിനും ...എല്ലാം.

# ക്യാൻസർ രോഗികൾക്കുള്ള സഹായ പദ്ധതികൾ

**മ**രണത്തിന്റെ വ്യാപാരിയെന്നാണ് ക്യാൻസർ അറിയപ്പെടുന്നതെങ്കിലും നമ്മുടെ അനാസ്ഥ കൊണ്ടാണ് പലപ്പോഴും നാം അത്തരമൊരു അവസ്ഥയിലേക്ക് ചെന്നെത്തുന്നത് കേരളത്തിൽ ഒരു ലക്ഷം പുരുഷൻമാരിൽ 132.6 പേർക്കും സ്ത്രീകളിൽ 123.2 പേർക്കും ക്യാൻസർ ഉണ്ടാകുന്നുവെന്നാണ് കണക്ക്. ഒരു വർഷം പുതുതായി അൻപതിനായിരത്തോളം പേർക്ക് ക്യാൻസർ ബാധിക്കുന്നു. ക്യാൻസർ രോഗം പാവപ്പെട്ട കുടുംബങ്ങളെ തകർത്ത് മുന്നേറുകയാണ്. ഇത്തരം കുടുംബങ്ങളെ താങ്ങിനിർത്താൻ സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവയാണ്.

1. BPL കാരായ മുഴുവൻ ക്യാൻസർ രോഗികൾക്കും സൗജന്യ ചികിത്സ ലഭിക്കുന്ന സുകൃതം പദ്ധതി. തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്റർ, തലശ്ശേരി മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് സൗജന്യ ചികിത്സ ലഭിക്കുക. ഒരാൾക്ക് പരമാവധി മൂന്നു ലക്ഷം രൂപവരെയാണ് ചികിത്സാസഹായം ലഭിക്കുക.

2. കുടുംബശ്രീയുടെ സഹകരണത്തോടെ ക്യാൻസർ രോഗം തടയുക, രോഗബാധ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കാൻ സഹായിക്കുക, സാന്ത്വന ചികിത്സ നൽകുക (സ്വാസ്ഥ്യം) എന്ന പദ്ധതി നിലവിലുണ്ട്.

3. കാരുണ്യ ബെനവലന്റ്ഫണ്ട് - ഒരു കുടുംബത്തിന് പരമാവധി രണ്ടുലക്ഷം രൂപയാണ് ഇതുവഴി ലഭിക്കുക. ഒരു കുടുംബത്തിലെ ഒരാൾക്കോ, ഒന്നിലധികം പേർക്കോ, ഒരു പ്രാവശ്യമോ ഒന്നിലധികം പ്രാവശ്യമോ ഇത് ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് അതത് ജില്ലകളിലെ ഭാഗ്യക്കുറി ഓഫീസർക്ക് നൽകണം. മുൻകൂർ അനുമതിക്കും ചികിത്സാസഹായത്തിനും ഇളം നീലനിറത്തിലുള്ള (ഫോം നമ്പർ 1) ഫോറത്തിലാണ് അപേക്ഷ നൽകേണ്ടത്. നിലവിൽ ചികിത്സ തുടരുന്നവരും അനുമതിയില്ലാതെ അടിയന്തിരമായി സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്നവരും (ഫോം നമ്പർ 2) ഇളം പിങ്ക് നിറത്തിലുള്ള ഫോറത്തിൽ അപേക്ഷ നൽകണം. ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തിയ നിർധനരായ രോഗികൾക്ക് അയ്യായിരം രൂപവരെ സമാശ്വാസമായി ലഭിക്കുന്നതിന് ഫോറം 3ൽ അപേക്ഷിക്കാം. അപേക്ഷിക്കുമ്പോൾ കിട്ടുന്ന സ്ലിപ്പിലെ എ.ഡി നമ്പർ ഉപയോഗിച്ച് ഓൺലൈനിൽ സ്റ്റാറ്റസ് അറിയാൻ കഴിയും.

അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ നൽകേണ്ടതാണ്. ഫോം നമ്പർ 1 & 2 നോടൊപ്പം

1. റേഷൻ കാർഡിന്റെ ശരിപകർപ്പ്
2. ചികിത്സ സംബന്ധിച്ച് ആശുപത്രിയിൽ നിന്ന് ലഭിക്കുന്ന കെ ബി എഫ് ഫോറം 4
3. രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ.
4. രോഗി താമസിക്കുന്ന വീട് കാണത്തക്കവിധം എടുത്ത കുടുംബ കളർ ഫോട്ടോ.
5. റേഷൻ കാർഡിലെ വിലാസത്തിലല്ല താമസിക്കുന്നതെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.

ഫോറം 3 നൊപ്പം

1. റേഷൻ കാർഡിന്റെ ശരിപകർപ്പ്
2. ആശുപത്രിയിലെ ഐ പി ടിക്കറ്റ് (ഒറിജിനൽ)

ചികിത്സാ ധനസഹായ അപേക്ഷകൾ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല സമിതിയുടെ ശുപാർശയോടെ, ധനമന്ത്രി അധ്യക്ഷനായ സംസ്ഥാന സമിതി, അർഹമായ തുക ബന്ധപ്പെട്ട ആശുപത്രിയിലേക്ക് അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. കേരളത്തിലെ എല്ലാ BPL കുടുംബങ്ങൾക്കും മൂന്നു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള APL കുടുംബങ്ങൾക്കും മേൽപ്പറഞ്ഞ സഹായം ലഭിക്കും. അപേക്ഷ നൽകിയ തീയതിക്ക് മുൻപ് പൂർത്തിയായ ചികിത്സാതുക ലഭിക്കുകയില്ല.

നിലവിലുള്ള കേന്ദ്രസർക്കാർ പദ്ധതികൾ പ്രകാരം 18 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ക്യാൻസർ രോഗത്തിന് ചികിത്സ സൗജന്യമായതുകൊണ്ട് കാരുണ്യാപദ്ധതിയിൽ സഹായം 18 വയസ്സിന് മുകളിലുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

## ദേവകീ വാര്യർ സ്മാരക അവാർഡ് 2015

**വിഷയം: ന്യൂ ജനറേഷൻ സിനിമകളിലെ സ്ത്രീസങ്കല്പം**

ഒന്നാം സമ്മാനം
**ഓമന വി കെ**
പാലാഴി ഹൗസ്, കരിവെള്ളൂർ പി ഒ, കണ്ണൂർ - 670521

രണ്ടാം സമ്മാനം
**അഖില നായർ എം എസ്**
റ്റി സി 25/607, മഹേഷ് നിവാസ്, തമ്പാനൂർ, തിരുവനന്തപുരം-695001

മൂന്നാം സമ്മാനം
**ശ്രീകല പി**
കുഴിപ്പാട്ടു ഹൗസ്, മൈലക്കര പി ഒ, തിരുവനന്തപുരം -695572